# 2 കോറി 10:12 – 18
# മർക്കോ 7:1 – 13

ആഗസ്റ്റ് 17 : കൈത്താക്കാലം നാലാം ഞായർ

## ഭാഷ്യം

## 2 കോറി 10:12 – 18

### I. സന്ദർഭം

പൗലോസിന്റെ സുവിശേഷ പ്രവർത്തനങ്ങളും അപ്പസ്തോല സ്ഥാനവും അംഗീകരിക്കാത്ത ഒരു കൂട്ടം ആളുകളുണ്ടായിരുന്നു. അതുകൊണ്ടുതന്നെ, തന്റെ വിളിയേയും ക്രിസ്തു തന്നെ ഏൽപ്പിച്ച പ്രത്യേക ദൗത്യത്തെയും കുറിച്ച് പൗലോസ് തന്റെ വായനക്കാരെ പലപ്പോഴും ഓർമ്മപ്പെടുത്തിയിരുന്നു (ഗലാ 1:1,12;2:7). പൗലോസിനെ അംഗീകരിക്കാത്ത ഇക്കൂട്ടർ അപ്പസ്തോലൻ പ്രവർ ത്തിച്ചിരുന്ന രംഗങ്ങളിൽ ഇടപെട്ട് അവിടങ്ങളിൽ ഭിന്നത സൃഷ്ടിക്കുക പതിവാ യിരുന്നു. ഈ സാഹചര്യം മുന്നിൽകണ്ടുകൊണ്ട് പൗലോസ് തന്റെ സുവിശേഷ വേലയെക്കുറിച്ച് പറയുന്ന കാര്യങ്ങളാണ് ഇന്നത്തെ ലേഖനത്തിലുള്ളത്.

### II. പ്രമേയം

1. പൗലോസുമായി മത്സരിച്ചിരുന്നവർ ആത്മപ്രശംസ ചെയ്യുന്നവരും മറ്റുള്ളവരുമായി താരതമ്യം ചെയ്ത് തങ്ങൾ മെച്ചപ്പെട്ടവരാണെന്ന് അവകാശപ്പെടുന്നവരുമായിരുന്നു.

2. കോറിന്തോസിലെ ജനങ്ങൾക്കിടയിൽ ജോലി ചെയ്യുക എന്ന ദൗത്യം ദൈവം ഏൽപ്പിച്ചുതന്നിട്ടുള്ളതാണ്. അക്കാര്യത്തിൽ വി.പൗലോസ് തികച്ചും സംതൃപ്തനാണ്.

3. കോറിന്തോസുകാരുടെയിടയിൽ തനിക്കുള്ള സ്ഥാനം അവരെ വിശ്വാസത്തിൽ വളർത്തി എന്നതിന്റെ അടിസ്ഥാനത്തിലാണ്.

4. ആത്യന്തികമായി ദൈവമാണ് നമ്മുടെ പ്രവൃത്തികളെ വിലയിരുത്തേണ്ടത്. കർത്താവിൽ നിന്ന് അഭിനന്ദനം സ്വീകരിക്കുന്നെങ്കിൽ അതാണ് ശരിയായ പ്രവൃത്തി ചെയ്തു എന്നതിന്റെ തെളിവും അംഗീകാരവും.

### III. സന്ദേശം

1. യേശു തെരഞ്ഞെടുത്ത പന്ത്രണ്ട് ശ്ലീഹന്മാരിൽ ഒരാളായിരുന്നില്ല പൗലോസ്. ക്രിസ്ത്യാനികളെ പീഡിപ്പിച്ച പാരമ്പര്യവുമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അതിനാൽ സംശയത്തോടും ഭയത്തോടും കൂടിയാണ് ആദിമ

സഭയിൽ പലരും പൗലോസിനെ വീക്ഷിച്ചിരുന്നത് (അപ്പ 9:13). പൗലോസിന്റെ പ്രവർത്തന ശൈലിയും പലർക്കും സ്വീകാര്യമായിരുന്നില്ല (അപ്പ 15:10). അതുകൊണ്ടുതന്നെ ഒരു വലിയ വിഭാഗം ആളുകൾ പൗലോസിന്റെ എതിർഗ്രൂപ്പിൽപ്പെട്ടവരായിട്ടുണ്ടായിരുന്നു.

2.അപ്പസ്തോലനെ വളരെയേറെ വിഷമിപ്പിച്ച ഒരവസ്ഥാവിശേഷമായിരുന്നു അത്. എന്നാൽ തന്റെ ശുശ്രൂഷയെക്കുറിച്ചാണ് പൗലോസ് ചിന്തിച്ചത്. യേശുക്രിസ്തുവാണ് തന്നെ തെരഞ്ഞെടുത്തതെന്നും രക്ഷയുടെ രഹസ്യം അവിടുന്ന് തനിക്ക് വെളിപ്പെടുത്തിത്തന്നിട്ടുണ്ടെന്നും പൗലോസിന് ഉറച്ച ബോധ്യമുണ്ടായിരുന്നു (ഗലാ 1:1). മനുഷ്യരുടെ അംഗീകാരവും പ്രശംസയും നേടുക എന്നത് പൗലോസിനെ സംബന്ധിച്ചിടത്തോളം വളരെച്ചെറിയ ഒരു കാര്യം മാത്രമായിരുന്നു (1 കോറി 4:3-4). വിളിയെയും ദൗത്യത്തേയും കുറിച്ച് ഉത്തമ ബോധ്യമുള്ള ആളായിരുന്നു പൗലോസ്. തന്നെ വിളിച്ചവനോട് വിശ്വസ്തത പുലർത്തുക- അതുമാത്രമായിരുന്നു അപ്പസ്തോലന്റെ ആഗ്രഹവും ലക്ഷ്യവും. മനുഷ്യരുടെ അംഗീകാരവും കയ്യടിയും ആഗ്രഹിക്കുക എന്നത് എല്ലാ മനുഷ്യർക്കും തന്നെ താൽപര്യമുള്ള കാര്യമാണ്. ചെയ്യുന്ന ജോലികൾ നന്നായി ചെയ്യാനുള്ള ഒരു പ്രേരണ കൂടി ഇതു നൽകുന്നു. എന്നാൽ കർത്താവിന്റെ ദൃഷ്ടിയിൽ പ്രീതിജനകമായവിധം വർത്തിക്കുകയാണ് പരമപ്രധാനമായ സംഗതി. ലോകം കാണുന്നതും അംഗീകരിക്കുന്നതും പോലെയല്ല ദൈവം കാണുന്നതും വിലയിരുത്തുന്നതും (1 സാമു 16:7).

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മർക്കോ 7:1-13

## I. സന്ദർഭം

നസ്രത്തിലെ യേശു യഥാർത്ഥത്തിൽ ക്രിസ്തുവും ദൈവപുത്രനുമാണെന്ന അനുഭവത്തിലേക്ക് വായനക്കാരനെ നയിക്കുകയാണ് സുവിശേഷത്തിന്റെ ലക്ഷ്യം (1:1). രണ്ട് അപ്പം വർധിപ്പിക്കലുകൾക്ക് അതിൽ മർമ്മപ്രധാനമായ സ്ഥാനമാണുള്ളത്. ഒന്നാമത്തെ അപ്പം വർദ്ധിപ്പിക്കലിനെ (6:35-44) യേശുവിനെ ആരെന്ന് തിരിച്ചറിയുന്നതുമായി (6:45-52) ബന്ധിപ്പിച്ചതിനുശേഷം വരുന്ന ഭാഗമാണ് ഇന്നത്തെ സുവിശേഷം.

## II. പ്രമേയം

ശിഷ്യർക്ക് യേശു ദൈവരാജ്യത്തിന്റെ രഹസ്യം വെളിപ്പെടുത്തിക്കൊടുക്കുന്നതാണ് പ്രമേയം. ശിഷ്യന്മാർ കൈകഴുകാതെ ഭക്ഷണം കഴിക്കുന്നതിലൂടെ പൂർവ്വികരുടെ പാരമ്പര്യം അവർ ലംഘിക്കുന്നത് ഫരിസേയർ ചൂണ്ടിക്കാട്ടുന്ന അവസരത്തിലാണ് യേശുവിന്റെ പഠനം. യേശുവിന്റെ വചനത്തിന്റെ ചുരുക്കമിതാണ്: അധരത്തേക്കാൾ ഹൃദയവും (7:6), മനുഷ്യനിയമത്തേക്കാൾ ദൈവപ്രമാണവും (7:7-13), പുറത്തേക്കാൾ മനുഷ്യന്റെ ഉള്ളുമാണ് (7:18-23) പ്രധാനപ്പെട്ടത്. പ്രധാനപ്പെട്ടവക്കായി അപ്രധാനപ്പെട്ടവ ലംഘിക്കുന്നതാണ്

ശരി; മറിച്ചല്ല.

## III. സന്ദേശം

1. ശിഷ്യന്മാരുടെ തെറ്റാണ് ഫരിസേയരും നിയമജ്ഞരും യേശുവിന് ചൂണ്ടിക്കാട്ടിക്കൊടുക്കുന്നത് (7:1,5). അവരുടെ കണ്ണുകൾ ഉടക്കി നിൽക്കുന്നത് മറ്റുള്ളവരുടെ വീഴ്ചകളിലാണ്. ഇതാണ് അവരുടെ പ്രശ്നം. നിന്റെ കണ്ണും ശ്രദ്ധയും എന്തിലാണ്? മറ്റുള്ളവരുടെ കുറവുകളിലും വീഴ്ചകളിലുമാണോ കേന്ദ്രീകരിച്ചിരിക്കുന്നത്? എങ്കിൽ നിന്റെ ചെയ്തികളെ തിരിച്ചറിയാനും, നിന്നെത്തന്നെ തിരുത്താനും, വളരാനും നിനക്കു കഴിഞ്ഞില്ലെന്നു വരും. മറ്റുള്ളവരുടെ ന ന്മകളെ ശ്രദ്ധിക്കാനും അവയെ അംഗീകരിക്കാനും കഴിയുന്നിടത്താണ് നീ നന്മയുടെയും വളർച്ചയുടെയും പാതയിലാകുന്നത്.

2. ഏശയ്യാ പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് യേശു അടിവരയിട്ടു കാണിക്കുന്നത് അധരവും ഹൃദയവും തമ്മിലുള്ള അന്തരമാണ്. അധരമല്ല പ്രധാനം ഹൃദയമാണ് (7:6). നിന്റെ സഹജരുടെ ബാഹ്യ പ്രവർത്തികളെയല്ല നീ വിലയിരുത്തേണ്ടത്. അതിലുപരി അവരുടെ ഹൃദയഭാവങ്ങളെ വായിക്കാൻ നിനക്ക് കഴിയണം ഹൃദയത്തിന്റെ അവസ്ഥ തിരിച്ചറിയാൻ ശ്രമിക്കുമ്പോഴാണ് നിന്റെ സ്നേഹബന്ധങ്ങൾ പുഷ്ടിപ്പെടുന്നത്. ഹൃദയഭാവങ്ങൾ വായിക്കാൻ കഴിയുന്നിടത്താണ് നീ ദൈവികനായി മാറുന്നത്. കാരണം, ഹൃദയങ്ങൾ വായിക്കുന്നവനാണ് ദൈവം.

3. അധരങ്ങൾക്കൊണ്ട് ദൈവത്തെ ബഹുമാനിക്കുന്നവർ ദൈവത്തെ വ്യർത്ഥമായി ആരാധിക്കുന്നുവെന്നാണ് തിരുവചനം (7:6-7). നിന്റെ ദൈവാരാധനകൾ വ്യർത്ഥമായിത്തീരാനുള്ള സാധ്യത എപ്പോഴും നിലനിൽക്കുന്നുവെന്ന കാര്യം നീ മറക്കരുത്. നിന്റെ ദൈവാരാധനകൾ വെറും അധരവ്യായാമമായി മാറാനുള്ള അപകടം എപ്പോഴുമുണ്ട്. ദൈവകൽപനകൾ അനുസരിക്കാതെ നിന്റെ മതജീവിതത്തിൽ നീ മുഴുകുമ്പോഴാണ് അത് സംഭവിക്കുന്നത് (7:6-8). ദൈവകൽപ്പന അനുസരിക്കുക, ദൈവത്തിന്റെ ഹിതം ജീവിതത്തിൽ അനുഷ്ഠിക്കുക എന്നതാണ് മതജീവിതത്തിന്റെ മർമ്മം. അതിനാൽ ദൈവകൽപ്പനകളായ സ്നേഹം, കാരുണ്യം, നീതി മുതലായ സുകൃതങ്ങൾ നിന്റെ ജീവിതത്തിൽ അനുദിനം നീ അനുഷ്ഠിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. അപ്പോൾ മാത്രമാണ് നീ ദൈവഹിതം ചെയ്യുന്നവനാകുന്നത്; ദൈവികനാകുന്നത്.

**ഡോ. ജേക്കബ് നാലുപറയിൽ**

# പ്രസംഗം: ഹൃദയ വിചാരങ്ങൾ

ഫരിസേയരും നിയമജ്ഞരും അവനോട് ചോദിച്ചു നിന്റെ ശിഷ്യന്മാർ പൂർവികരുടെ പരമ്പര്യത്തിന് വിപരീതമായി അശുദ്ധമായ കൈകൊണ്ട് ഭക്ഷിക്കുന്നതെന്താണ്? അവൻ പറഞ്ഞു: പുറമേ നിന്ന് ഉള്ളിലേക്ക് കടന്ന്, ഒരു

വനെ അശുദ്ധനാക്കാൻ ഒന്നിനു കഴിയില്ല. എന്നാൽ ഉള്ളിൽ നിന്ന് പുറപ്പെടുന്നതാണ് അവനെ അശുദ്ധനാക്കുന്നത് (മർക്കോ 7:5-15).

ആചാരങ്ങളുമായ് ബന്ധപ്പെട്ട് ഏറെ പരാമർശിക്കപ്പെട്ടിട്ടുള്ള ഈ കഥ മർക്കോസിന്റെ ഈ സുവിശേഷ ഭാഗവുമായ് ബന്ധപ്പെടുത്തി ഒരിക്കൽ കൂടി ഓർമ്മിക്കുന്നതിൽ യുക്തിയുണ്ടെന്ന് വിചാരിക്കുന്നു. ഒരിക്കൽ ഒരു സ്ഥലത്ത് ഒരു മുനി ഉണ്ടായിരുന്നു. എന്നും പൂജ നടത്തിയപ്പോൾ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പൂച്ച യാഗശാലയിൽ തലങ്ങും വിലങ്ങും ഓടിക്കളിക്കുമായിരുന്നു. പൂച്ച യാഗശാല അലങ്കോലപ്പെടുത്തുന്നത് നിത്യ സംഭവമായപ്പോൾ പൂജ തുടങ്ങുന്നതിന് മുമ്പേ അതിനെ യാഗവേദിക്ക് അരികിൽ കെട്ടിയിടാൻ തുടങ്ങി. കാലങ്ങൾ ഏറെ കടന്ന് പോയിട്ടും മുനി ഈ പതിവ് നിർത്തിയില്ല. അങ്ങനെയിരിക്കെ ഒരു ദിവസം മുനി സമാധിയാവുകയും, ശിഷ്യന്മാരിൽ മുതിർന്നയാൾ യാഗം നടത്തുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു. ശിഷ്യനും പൂച്ച യാഗത്തിന്റെ പ്രധാനഭാഗമാണെന്ന് കരുതി അതിനെ യാഗവേദിക്ക് സമീപം കെട്ടിയിടുന്നത് തുടർന്നു. ഒരു ദിവസം പൂച്ച മരണമടഞ്ഞു. പിറ്റേ ദിവസം യാഗം തുടങ്ങുന്നതിന് മുമ്പാണ് യാഗവേദിക്കരികെ കെട്ടിയിടാൻ പൂച്ചയില്ലെന്ന് ശിഷ്യന് ഓർമ്മ വന്നത്. ഒരു പൂച്ചയ്ക്ക് വേണ്ടി അദ്ദേഹം ഏറെ അലഞ്ഞു. പക്ഷെ കണ്ടെത്താനായില്ല. ഒടുവിൽ യാഗശാലയ്ക്ക് സമീപം കെട്ടിയിടാൻ പൂച്ചയില്ലാത്തത് കൊണ്ട് അന്നത്തെ അയാളുടെ പൂജയും മുടങ്ങി പോയി. 'ഇന്നലെ ചെയ്തൊരബദ്ധങ്ങൾ എങ്ങനെയിന്നൊരാചാരമായ് മാറുന്നു' എന്ന് സൂചിപ്പിക്കുന്ന ഒരു കഥയാണിത്. സുവിശേഷത്തിലും ചില ആചാരങ്ങൾ ഹൃദയമില്ലാത്ത വെറും അനുഷ്ഠാനങ്ങളായി ചുരുങ്ങി പോകുന്നു എന്ന് ഓർമ്മിപ്പിക്കുകയാണ് ക്രിസ്തു.

ശിഷ്യന്മാരിൽ ചിലർ കൈ കഴുകാതെ ഭക്ഷണം കഴിക്കുന്നത് കണ്ടപ്പോൾ ചില ഫരിസേയരും, നിയമജ്ഞരും അതിനെ നിശിതമായ് വിമർശിക്കുന്നു; കാരണം യഹൂദ പാരമ്പര്യമനുസരിച്ച് ഒരു യഹൂദൻ കൈ ശുദ്ധമാകാതെ ഭക്ഷണം കഴിക്കുവാൻ പാടില്ലായിരുന്നു. എന്നാൽ ക്രിസ്തുവാകട്ടെ വിമർശകരുടെ മനോഭാവത്തെ ശക്തമായ് അപലപിക്കുകയാണ്. നിയമങ്ങളുടെ സത്തയെയല്ല ചട്ടങ്ങളെയാണ് അവർ കൊണ്ടാടുന്നതെന്ന് ക്രിസ്തുവിന് അറിയാമായിരുന്നു.

ഉദ്ദേശ ശുദ്ധിയോടുകൂടി രൂപപ്പെടുത്തിയ പഴയ നിയമത്തിലെ പല നിയമങ്ങളും, വ്യാഖ്യാനങ്ങളും, കൂട്ടിച്ചേർക്കലുകളും കൊണ്ട് മനുഷ്യന് താങ്ങാനാവാത്ത നുകങ്ങളായി മാറി. യഥാർത്ഥത്തിൽ ലേവ്യരുടെ പുസ്തകത്തിൽ സൂചിപ്പിക്കുന്ന ശുദ്ധീകരണ കർമ്മങ്ങൾ ബലിയർപ്പിക്കുന്ന പുരോഹിതനെ ഉദ്ദേശിച്ചു കൊണ്ടുള്ളതായിരുന്നു. എന്നാൽ നിയമവ്യാഖ്യാതാക്കൾ ആ ചട്ടങ്ങൾ സാധാരണക്കാരുടെ ചുമലിൽ കെട്ടിവച്ചു കൊടുത്തു. ആകയാൽ വെറും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും കുടുങ്ങിപോകാതെ അവയുടെ

സത്തയും ഉദ്ദേശ ശുദ്ധിയും തിരിച്ചറിയാൻ ക്രിസ്തു തന്റെ ശ്രോതാക്കളോട് ആഹ്വാനം ചെയ്കയാണ്.

പ്രകടനങ്ങളെയും, മുഖം മൂടികളെയും ക്രിസ്തു എന്നും ഭയമില്ലാതെ വിമർശിച്ചിരുന്നു. മനുഷ്യന്റെ ബാഹ്യരൂപവും ശുദ്ധിയും മനോഭാവവുമാണ് ദൈവത്തിന്റെ മുമ്പിൽ അവനെ സ്വീകാര്യനാക്കുന്നതെന്ന് ക്രിസ്തു എപ്പോഴും തന്റെ കേൾവിക്കാരെ ഓർമ്മിപ്പിച്ചു. നീ ബലിയർപ്പിക്കുവാൻ വരുമ്പോൾ നിന്നോട് ആർക്കെങ്കിലും വിരോധമുള്ളതായ് തോന്നുന്നുവെങ്കിൽ ബലിവസ്തുകൾ അവിടെ വച്ചിട്ട് അവനുമായ് രമ്യതപ്പെട്ടതിനു ശേഷം മാത്രം ബലിയർപ്പിക്കുക (മത്താ 5:23). കാഴ്ച വസ്തുകളല്ല, കാഴ്ചയർപ്പിക്കുന്നവന്റെ മനസ്സാണ് ബലിയെ സ്വീകരിക്കുന്നത്. പ്രാർത്ഥനയെ കുറിച്ചുള്ള പാഠങ്ങളിൽ ക്രിസ്തു ചേർത്തു വയ്ക്കുന്ന ഒരു സംഭവമാണ് ദേവാലയത്തിനുള്ളിലെ ഫരിസേയന്റെയും, പാപിയുടെയും പ്രാർത്ഥന. (ലൂക്കാ 18:1-8). നിയമങ്ങൾ വള്ളിപുള്ളി തെറ്റാതെ പാലിക്കുന്ന ഫരിസേയനെക്കാൾ ദൈവത്തിന്റെ മുമ്പിൽ ഒളിച്ചുവയ്ക്കുവാനൊന്നുമില്ലാതെ ഹൃദയം നിറയെ പശ്ചാത്താപവുമായ്, സ്വർഗ്ഗത്തിലേക്ക് മിഴികളുയർത്താൻ പോലും ധൈര്യപ്പെടാതെ, പാപിയെന്നു മുദ്രകുത്തപ്പെട്ടവന്റെ പ്രാർത്ഥനയാണ് ദൈവസാക്ഷ്യം സ്വീകാര്യമാകുന്നത്.

മനുഷ്യർ ബാഹ്യരൂപം കണ്ട് ഒരാളെ വിലയിരുത്തുന്നു. ദൈവമാകട്ടെ അവന്റെ മനസ്സു കണ്ടു! ഈ കഴിഞ്ഞ കുറച്ച് ദിവസങ്ങൾക്ക് മുമ്പ് മുഖ്യധാര പത്രങ്ങളിലൊക്കെ മനുഷ്യന്റെ ചിന്തയെ വിവേചിച്ചറിയാൻ കഴിയുന്ന ഒരു കമ്പ്യൂട്ടറിന്റെ കണ്ടുപിടുത്തത്തെ കുറിച്ചുള്ള റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. കൈകാലുകളുടെ സ്വാധീനശക്തി നഷ്ടപ്പെട്ടുപോയവരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ കണ്ടുപിടുത്തം. രോഗിയുടെ മനോവിചാരങ്ങളെ ഘടിപ്പിച്ചിരിക്കുന്ന കമ്പ്യൂട്ടർ തിരിച്ചറിയും. അതിനോട് ചേർന്നുള്ള റോബോർട്ട് രോഗിക്കു വേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുമത്രേ! എമിലി എന്ന ചലനശേഷി നഷ്ടപ്പെട്ട സ്ത്രീക്ക് അവരുടെ ആഗ്രഹം തിരിച്ചറിഞ്ഞ് ഒരു ചായ ഗ്ലാസിൽ പകർന്ന്, ചുണ്ടോടു ചേർത്ത് കുടിപ്പിച്ചുകൊണ്ടാണ് ഈ കമ്പ്യൂട്ടറിന്റെ ആദ്യ പ്രദർശനം നടത്തിയത്!

കമ്പ്യൂട്ടറിന്റെയും, റോബോർട്ടിന്റെയും ഒന്നും സഹായകമില്ലാതെ മനുഷ്യന്റെ മനസ്സ് വായിക്കുന്നവാണ് ദൈവം. മനുഷ്യരെ നമുക്ക് എത്ര കാലത്തേക്ക് വേണമെങ്കിലും കബളിപ്പിക്കാം. പക്ഷെ ദൈവത്തെ തെറ്റിദ്ധരിപ്പിക്കാൻ ഒരിക്കൽ പോലുമാവില്ല.

ഒരിക്കൽ ഒരാൾ ഒരു മരം മേടിക്കാൻ പോയി. വലിയ തായ്തടിയും, ശിഖരങ്ങളുമൊക്കെയുള്ള ഒരു പൂപരുത്തിയായിരുന്നു അത്. ആ മരത്തിൽ നിന്ന് ഒത്തിരി തടികിട്ടുമെന്ന് അയാൾ വിചാരിച്ചു. പക്ഷെ അയാൾക്കൊപ്പമെത്തിയ മരം നോക്കാനറിയാവുന്ന സുഹൃത്ത് പരുത്തിയെ നോക്കി പറഞ്ഞു, "നിങ്ങൾ

ഉദ്ദേശിക്കുന്ന തരത്തിലുള്ള തടിയൊന്നും ഈ പരുത്തിയിൽ നിന്ന് ലഭിക്കുകയില്ല." ഇത്രയും പറഞ്ഞ് അയാൾ തന്റെ കൈയിലുണ്ടായിരുന്ന ഒരു കമ്പിയെടുത്ത് പരുത്തിയിൽ കണ്ട ദ്വാരത്തിലേക്ക് കടത്തി. പെട്ടെന്ന് ആ കമ്പി മുഴുവനും അതിലേക്ക് കടന്ന് പോകുന്നത് കാണാമായിരുന്നു. ആ മരം നിറയെ പോതായിരുന്നു.

നമ്മുടെ ജീവിതങ്ങളും, ആരെയും ആകർഷിക്കുകയും തെറ്റിധരിപ്പിക്കുകയും ചെയ്യുന്ന ഒരു പരുത്തി പോലെയായിരിക്കാം. പക്ഷെ ദൈവത്തിന്റെ കൈയ്യിൽ ഒരു ദണ്ഡുണ്ട്; നമ്മുടെ ഉള്ളിലെ എത്ര ആഴമേറിയ പൊള്ളത്തരങ്ങളെയും അളന്ന് തിട്ടപ്പെടുത്താവുന്ന ഒന്ന്. ബാഹ്യമായ പ്രകടനങ്ങൾക്കൊണ്ട് ദൈവത്തെ കബളിപ്പിക്കാം എന്ന് വ്യാമോഹിക്കുന്ന നമ്മോട് അവിടുന്ന് പറയും "നിങ്ങളുടെ ഉത്സവങ്ങളോട് എനിക്ക് വെറുപ്പാണ്; നിങ്ങളുടെ ദഹനബലികളും ധാന്യബലികളും ഞാൻ സ്വീകരിക്കുകയില്ല" (ആമോ. 5.21-22).

ഈ സുവിശേഷഭാഗം ബലിയർപ്പിക്കാൻ അണഞ്ഞിരിക്കുന്ന നമുക്ക് നേരെയുള്ള ക്രിസ്തുവിന്റെ വിമർശനം സ്വീകാര്യമാകുമോ? ജീവിത പങ്കാളിയോടുള്ള അവിശ്വസ്തതയും അയൽക്കാരനോടുള്ള വെറുപ്പും മനസ്സു നിറയെ കുടിലതകളുമായിട്ടാണോ ഈ ബലിയർപ്പിക്കുന്നത്? ബാഹ്യമായ നമ്മുടെ 'സംശുദ്ധ' പ്രതിഛായ ദൈവസമക്ഷം വിചാരണ ചെയ്യപ്പെടുക തന്നെ ചെയ്യും.

പുറമേയ്ക്ക് ഒരു സഹൃദയന്റെയും, സുഹൃത്തിന്റെയും ഭാവം നടിക്കുകയും അകമെ ചതിയും വഞ്ചനയും മറച്ചു പിടിക്കുകയും ചെയ്യുന്നൊരാളെ സുവിശേഷം കാണിച്ച് തരുന്നുണ്ട്. പാവങ്ങളുടെ പക്ഷം ചേരുന്നൊരാളും, സൗഹൃദയത്തിന്റെ കാവലാളുമായി സ്വയം പ്രത്യക്ഷപ്പെടുന്ന അയാളുടെ മനോവിചാരങ്ങളെ ക്രിസ്തുമാത്രം തിരിച്ചറിയുന്നു. ഒടുവിൽ അവന്റെ കണ്ണുകളിലേക്ക് നോക്കി "നീ ചെയ്യാനിരിക്കുന്നത് വേഗം ചെയ്തു കൊള്ളുക" എന്നു പറഞ്ഞപ്പോൾ അയാൾ പതറിപ്പോയി. ക്രിസ്തുവിന്റെ കണ്ണുകളെ ഇനി ഒരിക്കൽ കൂടി അഭിമുഖീകരിക്കാനാവാത്ത അയാൾ മരണത്തിന് സ്വയം കൈയ്യേൽപ്പിച്ചു കൊടുക്കുന്നു. ഒറ്റുകാരനായ യൂദാസാണയാൾ. ഹൃദയം ശുദ്ധിയില്ലാതെ നമ്മളർപ്പിക്കുന്ന എല്ലാ ബലികളും ദൈവത്തെ കബളിപ്പിക്കുവാനുള്ള യൂദാസിന്റെ ശ്രമങ്ങൾ പോലെയാണ്. ബാഹ്യമായ ഒരുക്കങ്ങൾക്കുപരിയായ് ഹൃദയശുദ്ധിയെ നമ്മൾ ശരിപ്പെടുത്തുന്നില്ലെങ്കിൽ, ദുഷ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ഭോഗാസക്തി, അഹങ്കാരം, മൂഢത എന്നീ കുറ്റങ്ങളിൽ നമ്മളും കൂട്ടു പ്രതികളായേക്കാം; കാരണം കാപട്യം നിറഞ്ഞ ഹൃദയം ഈ ചാവു ദോഷങ്ങളെ ആരും കാണാതെ ഒളിപ്പിച്ചു വച്ചിട്ടുണ്ട്.

**ഫാ. പീറ്റർ തോമസ്**